Endt No. Acd. SPC (1) / 37001/16/HSE.

ഭരണഭാഷ മാതൃഭാഷ

# കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
# KERALA STATE BIODIVERSITY BOARD

A statutory and autonomous body, Government of Kerala

L-14, Jai Nagar, Medical College (P.O), Thiruvananthapuram – 695 011
Tele fax: 0471-2448234 | Ph: 0471-2554740
E-mail: keralabiodiversity@gmail.com | Website: www.keralabiodiversity.org

നം.1426/എ4/2016/കെ.എസ്.ബി.ബി                                        തീയതി: 5.12.2016

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ ഹയർസെക്കന്ററി വിദ്യാഭ്യാസവകുപ്പ്

............................................................... (ജില്ല)

ഡെപ്യൂട്ടി ഡയറക്ടർ , പൊതുവിദ്യാഭ്യാസ വകുപ്പ്.

സർ,

വിഷയം:- കുട്ടികളുടെ 9 -ാമത് ജൈവവൈവിധ്യ കോൺഗ്രസ്സ്-ജില്ലാതല മത്സരങ്ങൾ നടത്തുന്നത്- സംബന്ധിച്ച്

സൂചന:- (1) 03-11-2016-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എം4/63165/2016/ ഡി.പി.ഐ.നമ്പർ കത്ത്

(2) 14.10.2016 -ലെ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ എ.സി ഡി.എസ്സ്.പി.സി (1) 37001/16/എച്ച്.എസ്.ഇ നമ്പർ കത്ത്.

മേൽ സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധക്ഷണിച്ചുകൊള്ളുന്നു. സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ ജൈവ വൈവിധ്യ സംരക്ഷണം സംബന്ധിച്ച അവബോധം നടത്തുന്നതിനായി സംസ്ഥാന ജൈവവൈവിധ്യ ബോർഡ് വർഷംതോറും നടത്തിവരുന്ന പരിപാടിയാണ് കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസ്സ്. കുട്ടികൾക്കായി പരിസ്ഥിതി സംബന്ധിയായ വിഷയങ്ങളിൽ വിവിധ മത്സരങ്ങൾ നടത്തുകയും പരിസ്ഥിതി അവബോധം അവരിൽ സൃഷ്ടിക്കാനുള്ള സാഹചര്യം ഒരുക്കുകയുമാണ് ബോർഡ് ഈ പരിപാടിയിലൂടെ ഉദ്ദേശിക്കുന്നത്. കഴിഞ്ഞ രണ്ടു വർഷങ്ങളായി വിദ്യാഭ്യാസവകുപ്പിന്റെ സഹകരണത്തോടെ ജില്ലാതലത്തിലും വിവിധ മത്സരങ്ങൾ യു.പി., ഹൈസ്കൂൾ, ഹയർസെക്കന്ററി എന്നീ വിഭാഗങ്ങളിൽ നടത്തി വരുന്നു. ജില്ലാതല മത്സരങ്ങളിൽ ഒന്നാം സമ്മാനം നേടുന്നവരെ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നേരിട്ട് നടത്തുന്ന സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുപ്പിക്കും.

## മത്സരങ്ങൾ നടത്തുന്നതിനുള്ള മാർഗനിർദേശങ്ങൾ

1. ഗവൺമെന്റ്/എയിഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളെയാണ് മത്സരങ്ങളിൽ പങ്കെടുപ്പിക്കേണ്ടത്.
2. ജില്ലാതല മത്സരത്തിന്റെ സുഗമമായ നടത്തിപ്പിനായി ഹയർസെക്കന്ററി വിദ്യാഭ്യാസവകുപ്പ് മേഖലാ ഡെപ്യൂട്ടി ഡയറക്ടർ രക്ഷാധികാരിയായും, പൊതു വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടിഡയറക്ടർ ചെയർമാനായും, ജൈവവൈവിധ്യ ബോർഡിന്റെ ജില്ലാതലകോ-ഓർഡിനേറ്റർ കൺവീനറായും, ചെയർമാൻ നോമിനേറ്റ് ചെയ്യുന്ന 4 അധ്യാപകർ മെമ്പർമാരായും എല്ലാ കെ.എസ്.ബി.ബി. പ്രോജക്ട്ഫെല്ലോകളും അംഗങ്ങളായും ഒരു സംഘാടക സമതി രൂപീകരിക്കുകയും അതിന്റെ ആദ്യയോഗം ഡിസംബർ 15-ാം തീയതിക്കുള്ളിൽ കൂടുകയും വേണം.
3. ഈ വർഷം പ്രോജക്ടുകൾക്ക് പകരം മത്സരം സെമിനാർ അവതരണമായിരിക്കും. സെമിനാർ അവതരണത്തിന് പങ്കെടുക്കേണ്ട വിദ്യാർത്ഥികൾ അസൈൻമെന്റും അതിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വർഷത്തെ സെമിനാറിനുള്ളവിഷയങ്ങൾ ചുവടെ ചേർക്കുന്നു.

## യു.പി.- പയറുവർഗ്ഗങ്ങൾ മലയാളിയുടെ നിത്യജീവിതത്തിൽ

മലയാളികൾ അവരുടെ നിത്യ ആഹാരത്തിൽ പയറുവർഗ്ഗ വിളകളെ എത്രത്തോളം ഉൾപ്പെടുത്തുന്നു, എന്നതു സംബന്ധിച്ചും, പയറുവർഗ്ഗങ്ങളുടെ കൃഷി മുൻകാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ കേരളത്തിൽ എത്രത്തോളം ഉണ്ട് എന്നതു സംബന്ധിച്ചും ഉള്ള ഒരു അന്വേഷണമാണ് ഈ പഠനത്തിലൂടെ ലക്ഷ്യമിടുന്നത്. വിദ്യാർത്ഥികൾക്ക് അവരുടെ ഗ്രാമത്തിലെ മുതിർന്ന പൗരന്മാർ, കർഷകർ, കൃഷിവകുപ്പ് ഉദ്യോഗസ്ഥർ, പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ ഉദ്യോഗസ്ഥർ എന്നിവരുമായി ബന്ധപ്പെട്ട് ഇത് സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കുകയും, അപഗ്രഥിക്കുകയും ചെയ്യാം.

## എച്ച്.എസ്- പയറുവർഗ്ഗങ്ങൾ നമ്മുടെ മണ്ണിനെ എങ്ങനെ സ്വാധീനിക്കുന്നു എന്നതു സംബന്ധിച്ച പഠനം

പയറു വർഗ്ഗങ്ങളുടെ കൃഷിമൂലം മണ്ണിൽ ഏതൊക്കെ ഗുണകാരികളായ സൂക്ഷ്മ ജീവികളുടെ എണ്ണം ശേഷിച്ചിട്ടുണ്ട്, ബയോ ഫെർട്ടിലൈസറുകളുടെ ഉപയോഗത്തിലൂടെ ഇത്തരം നല്ല സൂക്ഷ്മ ജീവികളെ മണ്ണിൽ ലഭ്യമാക്കാൻ കഴിയും, ഏതൊക്കെ പയറു വർഗ്ഗങ്ങളുടെ വേരുകളിലാണ് ഗുണകാരികളായ സൂക്ഷ്മ ജീവി

കൾ കൂടുതലായികാണുന്നത്, ഈ സൂക്ഷ്മ ജീവികൾ ഏതൊക്കെയാണ്, പയറു വർഗ്ഗങ്ങളുടെ കൃഷിയിലെ ശോഷണം കൊണ്ട് മണ്ണിലെ നല്ല സൂക്ഷ്മ ജീവികൾക്കു ണ്ടാകുന്ന ദൗർലഭ്യം നികത്താൻ എന്തു മാർഗ്ഗം സ്വീകരിക്കാൻ കഴിയും, ഇത്തരം മാർഗ്ഗങ്ങൾ കർഷകർ എത്രത്തോളം അനുവർത്തിക്കുന്നു.

## എച്ച്.എസ്.എസ്. - ജൈവകൃഷിയിൽഎന്തൊക്കെ പരിസ്ഥിതി സൗഹൃദ കീടനിയന്ത്രണ രീതികളാണ് അനുവർത്തിക്കാവുന്നത്

നിങ്ങളുടെ പ്രദേശങ്ങളിൽ ഉപയോഗിച്ചുവരുന്ന പരിസ്ഥിതി സൗഹൃദ കീടനിയ ന്ത്രണ രീതികൾ, ഇവയുടെ ഫലക്ഷമത എത്രത്തോളമാണ്, സമ്പൂർണ്ണ ജൈവരീതി യിൽ കീടനിയന്ത്രണം സാധ്യമാണോ.

4. സംഘടനാ സമിതിയുടെ ആദ്യയോഗം കൂടി സെമിനാറിനുള്ള വിഷയങ്ങൾ, വിവിധ മത്സരങ്ങൾ എന്നിവയെ സംബന്ധിച്ച ഒരു പത്രക്കുറിപ്പ് പ്രമുഖ പത്രങ്ങ ളുടെ ജില്ലാ എഡിഷനുകളിൽ / ജില്ലാ പേജുകളിൽ നൽകേണ്ടതാണ്. കൂടാതെ സ്കൂളുകളിലെ പ്രഥമാധ്യാപകരുമായി ബന്ധപ്പെട്ട് പരമാവധി കുട്ടികൾ മത്സര ങ്ങളിൽ പങ്കെടുക്കുവാനുള്ള ശ്രമം നടത്തേണ്ടതാണ്. പത്രക്കുറിപ്പിൽ ഡെപ്യൂട്ടിഡയറക്ടർമാരുടെയും മേഖലാ ഓഫീസർമാരുടെയും ജില്ലാകോ-ഓർഡിനേറ്റർമാരുടെയും ഫോൺ നമ്പറുകളും .പൊതുവിദ്യാഭ്യാസ വകു പ്പിന്റെയും, ഹയർസെക്കന്ററി വകുപ്പിന്റെയും ജില്ലാതലത്തിലുള്ള ഇ-മെയിലും പത്രക്കുറിപ്പിൽ ചേർത്തിരിക്കണം.
5. വിദ്യാഭ്യാസ വകുപ്പിന്റെയും ഹയർസെക്കന്ററി വകുപ്പിന്റെയും ജില്ലാതല മീറ്റിങ്ങിൽ ഈ മത്സരങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പ്രഥമാധ്യാപകർക്കുമു ന്നിൽ ജില്ലാ കോർഡിനേറ്റർമാർ വിശദമാക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യണം.
6. സംഘാടകസമിതി നിശ്ചയിക്കുന്ന ഒരു സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് ജില്ലാ തല സെമിനാർ അവതരണം നടത്താവുന്നതാണ്. ഇതേദിവസംതന്നെ മേൽപ്പ റഞ്ഞ മൂന്ന് വിഭാഗങ്ങളിലായി (യു.പി, ഹൈസ്കൂൾ, ഹയർസെക്കന്ററി) പെയിന്റിങ്ങ്, പ്രസംഗം, പദ്യംചൊല്ലൽ, എന്നീ മത്സരങ്ങൾ നടത്തേണ്ടതാണ്. ഈ മത്സരങ്ങളിൽ ജില്ലയിലെ സ്കൂളുകളിൽ നിന്നും ഓരോ വിഭാഗത്തിലും ഒരാളെ തെരഞ്ഞെടുക്കാവുന്നതാണ്.
7. ജില്ലാതല മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനായി ഓഡിറ്റോറിയത്തിന്റെ വാടക, ഭക്ഷണചെലവ്, സംഘാടകസമിതി അംഗങ്ങൾക്കു പുറമേ മൂല്യനിർണയ സമി

തിയിൽ ഉൾപെടുന്നവർക്ക് പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റ്, ഒന്നുമുതൽ 3 വരെസ്ഥാനം ലഭിക്കുന്നവർക്കുള്ള മെറിറ്റ് സർട്ടിഫിക്കറ്റ്, മൈക്ക്, സൗണ്ട് സിസ്റ്റം, പെയിന്റിംഗ് മത്സരത്തിനുള്ള ഡ്രോയിങ്ഷീറ്റ് തുടങ്ങിയവയ്ക്കുള്ള ചെലവുകൾ വഹിക്കുന്നതിനുള്ള തുക ജൈവവൈവിധ്യ ബോർഡിൽ നിന്നും ഡി.സി.മാർക്ക് നൽകുന്നതാണ്.

8. മേൽപ്പറഞ്ഞ മത്സരങ്ങളിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന വിദ്യാർത്ഥികളെ സംസ്ഥാന ജൈവവൈവിധ്യ കോൺഗ്രസ്സിൽ പങ്കെടുക്കാൻ ക്ഷണിക്കുന്നതാണ്. മത്സരങ്ങളിൽ വിധികർത്താവിന്റെ തീരുമാനം അന്തിമമായിരിക്കും.

9. ജില്ലാതലത്തിൽ പങ്കെടുപ്പിക്കുന്ന മത്സരങ്ങളുടെ മൂല്യനിർണയം രേഖപ്പെടുത്തിയ സ്കോർ ഷീറ്റുകൾ (മൂല്യ നിർണയസമിതി അംഗങ്ങൾ ഒപ്പിട്ടത്), സംഘാടക സമിതി സംഘടിപ്പിച്ച യോഗങ്ങളുടെ മിനിറ്റ്സ്, ജില്ലാതല മത്സരങ്ങൾ സംഘടിപ്പിച്ചതിന്റെ വരവ് ചെലവ് കണക്കുകൾ, അതുമായി ബന്ധപ്പെട്ട വൗച്ചറുകൾ എന്നിവ ജില്ലാതല മ ത്സരങ്ങൾ തീരുന്ന മുറയ്ക്ക് ഡി.സി. മാർ ബോർഡിലേക്ക് അയച്ചുതരേണ്ടതാണ്. വരവ് ചെലവ് കണക്കുകൾ സംഘാടക സമിതിയിൽ വച്ച് പാസാക്കിയിരിക്കണം.

## മത്സരങ്ങൾ സംഘടിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. അദ്ധ്യാപകർ അസൈൻമെന്റ് സാക്ഷ്യപ്പെടുത്തിയതായിരിക്കണം.
2. അസൈൻമെന്റ് 10 പേജിർ കവിയാൻ പാടില്ല.
3. അസൈൻമെന്റ് മലയാളത്തിലോ ഇംഗ്ലീഷിലോ എഴുതാം.
4. കയ്യെഴുത്ത് പ്രതിതന്നെ ആയിരിക്കണം.
5. സെമിനാർ അവതരണത്തിന് 8 മിനിട്ടും, അഭിമുഖത്തിന് 2 മിനിട്ടും, ആകെ 10 മിനിറ്റാണ് അനുവദിച്ചിട്ടുള്ളസമയം.
6. അനിമേഷൻ സ്ലൈഡ് പാടില്ല.
7. പവർപോയിന്റ് ഉപയോഗിച്ച് 5 സ്ലൈഡ് അനുവദിക്കുന്നതാണ്, അല്ലെങ്കിൽ വരച്ച 5 ചാർട്ടുകളുമാകാം.
8. അസൈൻമെന്റ് പ്രഥമാധ്യാപകൻ സാക്ഷ്യപ്പെടുത്തിയിരിക്കണം.

## ചിത്രരചന

1. സമയം 2 മണിക്കൂർ
2. വാട്ടർകളർ മാത്രം ഉപയോഗിക്കണം
3. 15 മിനിട്ട് മുൻപ് വിഷയം നൽകിയിരിക്കണം

## പ്രസംഗം

1. ഓരോ മത്സരാർത്ഥിക്കും അഞ്ചുമിനിറ്റിനുമുൻപ് വിഷയം നൽകുന്നതായിരിക്കും.
2. പ്രസംഗത്തിനുള്ള സമയം 5 മിനുറ്റ് ആയിരിക്കും.

## പദ്യം ചൊല്ലൽ

1. പരിസ്ഥിതി സംബന്ധമായ കവിതകൾ തിരഞ്ഞെടുക്കേണ്ടതായിരിക്കും.
2. പദ്യം ചൊല്ലുന്നതിനുള്ള സമയം 5 മിനിറ്റായിരിക്കും.

**സംശയനിവാരണത്തിനും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കുന്നതിനും സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ഇ-മെയിലിലോ (keralabiodiversity@gmail.com) ഓഫീസ് ഫോണിലോ (04712554740) ബന്ധപ്പെടാവുന്നതാണ്.**

ജില്ലാതലമത്സരങ്ങൾ സംഘടിപ്പിക്കുന്നതിൽ വിദ്യാഭ്യാസവകുപ്പിലെ എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാരുടേയും, ഹയർസെക്കൻന്ററി മേഖലാ ഓഫീസർമാരുടെയും ആത്മാർത്ഥമായ സഹകരണവും സേവനവും പ്രതീക്ഷിച്ചുകൊണ്ട്

വിശ്വസ്തതയോടെ

05/12/16

**ദിനേശൻ ചെറുവാട്ട്**
**മെമ്പർ സെക്രട്ടറി**

ഉള്ളടക്കം: സൂചന 1, 2 കത്തുകൾ

പകർപ്പ്: ഡിസ്ട്രിക് കോ-ഓർഡിനേറ്റർ, കെ.എസ്.ബി.ബി